105/est/18



ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. എ1-3791/2018/സിഇ/തസ്വഭവ                                   തീയതി : 2?.03.2018

# സർക്കുലർ

വിഷയം:- തസ്വഭവ - ഇ.ഡബ്ല്യു - ജീവനക്കാര്യം - മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ പാസായതിന്റെ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് -

സൂചന:- 20.03.2018-ലെ സർക്കാരിന്റെ 2316552/ഇ.ഡബ്ല്യു3/2018/തസ്വഭ നമ്പർ കത്ത്

ഈ വകുപ്പ് രൂപീകരിച്ചിരിക്കുന്നത് പൊതുമരാമത്ത് / ജലസേചനം എന്നീ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ ആഗിരണം ചെയ്തുകൊണ്ടാണ്. അങ്ങനെയുള്ള ജീവനക്കാരുടെയും, ഈ വകുപ്പിൽ നേരിട്ട് നിയമനം നൽകിയ മിനിസ്റ്റീരിയൽ ജീവനക്കാരിൽ വിവിധ ഓഫീസുകളിലായി സേവനമനുഷ്ഠിക്കുന്ന എല്ലാ സീനിയർ ക്ലർക്ക് / ഹെഡ് ക്ലർക്ക് / ജൂനിയർ സൂപ്രണ്ട്-മാരുടേയും നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാ പരീക്ഷ വിജയിച്ചതിന്റെ വിവരം ഘട്ടം ഘട്ടമായി പരിശോധിക്കുവാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം ജീവനക്കാരുടെ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുള്ള സേവനപുസ്തകത്തിന്റ പ്രസക്ത പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും (ടി പകർപ്പിന് മുകളിലായി ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും രേഖപ്പെടുത്തേണ്ടതാണ്), സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റ തീയതി രേഖപ്പെടുത്തിയ സേവനപുസ്തകത്തിന്റെ പ്രസക്ത പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, കൂടാതെ ടി സർട്ടിഫിക്കറ്റുകളുടെ അസ്സൽ നിയന്ത്രണാധികാരികൾ നേരിൽ കണ്ട് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിയ പകർപ്പും, **13.04.2018-നകം** ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ആയത് പി.എസ്.സി-യുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. മേൽ കാര്യത്തിൽ വീഴ്ച വരുത്തുന്ന നിയന്ത്രണാധികാരികൾക്കെതിരെ കർശന നടപടിയെടുക്കുന്നതായിരിക്കും. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട നിയന്ത്രണാധികാരിയ്ക്ക് ആയിരിക്കും.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)